(ബി) രണ്ടു വ്യത്യസ്ത വകുപ്പുകളായതിനാൽ പ്രസ്തുത നിയമനം നിയമാനുസൃതമാണോ ; നിലവിലുള്ള ചട്ടപ്രകാരം പ്രസ്തുത നിയമനം സാധ്യമാണോ ;

(സി) ഹയർസെക്കന്ററി വകുപ്പിൽ വർഷങ്ങളായി ഉള്ളവരുടെ പ്രൊമോഷൻ സാധ്യതകൾ ഇല്ലാതാക്കുന്ന ഇത്തരം നിയമനങ്ങൾ ഒഴിവാക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 13-7-2015-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 5289/2015/പൊ.ഭ.വ പ്രകാരം സെക്രട്ടറിയേറ്റിൽനിന്നും 19 ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നിയമിച്ചിട്ടുണ്ട്.

(ബി&സി) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിനെ ഒരു സ്വയംപര്യാപ്ത വകുപ്പിന്റെ പദവിയിലേക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി 27-4-2015-ലെ ജി.ഒ. (എം.എസ്)നമ്പർ 96/15/പൊ.വി.വ ഉത്തരവ് പ്രകാരം വകുപ്പിൽ തുടരാൻ താല്പര്യമുള്ള യൂണിവേഴ്സിറ്റി ജീവനക്കാരെ അബ്സോർബ് ചെയ്യുന്നതിനും അല്ലാത്തവരെ വിടുതൽ ചെയ്യുന്നതിനും ഉത്തരവായതനുസരിച്ച് 33 യൂണിവേഴ്സിറ്റി ജീവനക്കാർ മാതൃ സ്ഥാപനത്തിലേക്ക് വിടുതൽ ചെയ്തു. ഈ സാഹചര്യത്തിൽ വകുപ്പിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനു വേണ്ടിയാണ് സെക്രട്ടറിയേറ്റിൽനിന്നും 19 സെക്ഷൻ ഓഫീസർമാരെ അവിടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചത്. സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വകുപ്പിലെ ജീവനക്കാർക്ക് പ്രൊമോഷൻ നിയമനം ലഭിക്കുന്ന മുറയ്ക്ക് സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ നിയമനം അവസാനിക്കുന്നതാണ്.

പ്ലാൻ സ്കീം-മിഷൻ 100 പദ്ധതി

97 (5172) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 പ്ലാൻ സ്കീം-മിഷൻ 100 പദ്ധതി സംബന്ധിച്ച് വിശദാംശം നൽകുമോ ;

(ബി) 2015-16 വർഷം എത്ര സ്കൂളുകളെയാണ് ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുക ;

(സി) പ്രസ്തുത സ്കീമിൽ സർക്കാർ സ്കൂളുകളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത സ്കീമിൽ ഉൾപ്പെട്ട് സ്കൂളുകളിൽ എന്തൊക്കെ മെച്ചപ്പെട്ട സേവനങ്ങൾ ഏർപ്പെടുത്താൻ കഴിയും ;

(ഇ) അവികസിത മേഖലയായ ഇടുക്കി ജില്ലയിൽ നിന്നും കൂടുതൽ സ്കൂളുകളെ ഈ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(എഫ്) ഈ സ്കീമുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ-എഫ്) സർക്കാരിന്റെ പരിഗണനയിലാണ്. തീരുമാനങ്ങൾ ഒന്നും കൈക്കൊണ്ടിട്ടില്ല.

2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക

98 (5173) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട വിദ്യാഭ്യാസ വകുപ്പിന്റെ ഏതെങ്കിലും പദ്ധതികൾ ആരംഭിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

കല, കായികം, തൊഴിൽ, വിദ്യാഭ്യാസം എന്നിവയ്ക്ക് ഊന്നൽ നല്കിക്കൊണ്ട് സെക്കന്ററി തലത്തിൽ കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കുന്ന ആശ്വാസ് എന്ന പുതിയ പദ്ധതി (ഒറ്റത്തവണ കേന്ദ്ര സഹായ പദ്ധതി), കായിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് തിരുവനന്തപുരം ജി.വി.രാജാ സ്പോർട്ട്സ് സ്കൂളിലേയും കണ്ണൂർ സ്പോർട്ട്സ് ഡിവിഷനു കീഴിലെ ജി.വി.എച്ച്.എസ് സ്പോർട്ട്സ് സ്കൂളിലെയും അടിസ്ഥാന സൗകര്യ വികസനം (ഒറ്റത്തവണ കേന്ദ്ര സഹായ പദ്ധതി) എന്നിവയാണ് പൊതു വിദ്യാഭ്യാസ വകുപ്പിൽ 2014-15-ൽ ആരംഭിക്കാൻ കഴിയാത്ത പദ്ധതികൾ.

പ്രസ്തുത രണ്ട് പദ്ധതികളും ഒറ്റത്തവണ കേന്ദ്ര സഹായ പദ്ധതികളായതിനാൽ കേന്ദ്ര ധനസഹായം ലഭിക്കാത്തതിനാൽ പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞില്ല. ഉന്നത വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നല്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly